# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12.08.2025**

### പ്രധാനവാർത്തകൾ

1. **പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇന്നും സഭാ നടപടികൾ തടസ്സപ്പെട്ടു. അനധികൃതമായി നോട്ട് കണ്ടെത്തിയ വിഷയത്തിൽ ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യാനുള്ള നടപടി ലോകസഭയിൽ ആരംഭിച്ചു.**

2. **സംസ്ഥാനത്തിൻറെ അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബി നിർണ്ണായക പങ്ക് വഹിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും.**

4. **സംസ്ഥാനത്ത് സാമൂഹിക വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ വനം മന്ത്രി എ കെ ശശീന്ദ്രൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.**

5. **മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെ 114 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികൾ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു.**

RNUTVPM

**6. -ചൈനയിൽ നടക്കുന്ന ലോക ഗെയിംസിൽ വുഷു, 52 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ നമ്രത ബത്ര ഇന്ന് മത്സരിക്കും.**

&&&&&&&&&&&&&&&&&&

## പാർലമെൻറ്

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് സഭാ നടപടികൾ തടസ്സപ്പെട്ടു. ബിഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രതിപക്ഷത്തിൻറെ ബഹളം രൂക്ഷമായതോടെ രാജ്യസഭ ഉച്ചയ്ക്ക് രണ്ടു മണിവരെ പിരിഞ്ഞു. ലോകസഭ രാവിലെ ആരംഭിച്ചപ്പോഴും പ്രതിപക്ഷ ബഹളം രൂക്ഷമായിരുന്നു തുടർന്ന് 12 മണി വരെ നിർത്തി വച്ച സഭ വീണ്ടും ആരംഭിച്ചപ്പോൾ വസതിയിൽ നിന്ന് അനധികൃതമായി നോട്ട് കണ്ടെത്തിയ വിഷയത്തിൽ അലഹബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യാനുള്ള നടപടി ആരംഭിക്കുന്നതായി ലോകസഭാ സ്പീക്കർ ഓംബിർല സഭയെ അറിയിച്ചു. ഇതിനായി മൂന്നംഗ സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ലോക്സഭ 3 മണി വരെ പിരിഞ്ഞു.

RNU TVPM

ബിഹാർ വോട്ടർപട്ടിക പരിഷ്ക്കരണത്തെ ചൊല്ലി കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ഇന്നും പാർലമെൻറ് പരിസരത്ത് പ്രതിഷേധം നടത്തുകയാണ്.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി-ധർമ്മടം-ഇൻട്രോ**

സംസ്ഥാനത്തിൻറെ വികസനത്തിന് കിഫ്ബി നിർണ്ണായക പങ്ക് വഹിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മാത്രം പര്യാപ്തമാവില്ല. എന്നാൽ കിഫ്ബി ഫണ്ട് കൂടി ഉപയോഗിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്താനായതായും അദ്ദേഹം പറഞ്ഞു. കണ്ണൂർ ധർമ്മടത്തെ ചേക്കൂ പാലം, റെഗുലേറ്റർ കം ബ്രിഡ്ജ് ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ് വോയിസ്.........)

തലശ്ശേരിയിലെ കൊടുവള്ളി റെയിൽവേ മേൽപാലത്തിൻറെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി-ഉദ്ഘാടനം**

പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം

RKUTVPM

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ നിർവ്വഹിക്കും. 27 കോടി രൂപ ചെലവഴിച്ചു നിർമിച്ച 12 പോലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും അഞ്ച് കെട്ടിടങ്ങളുടെ ശിലാസ്ഥാപനവുമാണ് നിർവ്വഹിക്കുന്നത്. കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിലെ സിന്തറ്റിക്ക് ട്രാക്കും മൾട്ടി-പർപ്പസ് ഇൻഡോർ കോർട്ടും മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

&&&&&&&&&&&&&&&&&&

**വോട്ടർ പട്ടിക**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**വനവത്കരണം-എകെ ശശീന്ദ്രൻ**

സംസ്ഥാനത്തെ സാമൂഹിക വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ വനം മന്ത്രി എ കെ ശശീന്ദ്രൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കോഴിക്കോട് നടന്ന സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉത്തരമേഖലാ സർക്കിൾതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നഗര കേന്ദ്രങ്ങളിലെ ലഭ്യമായ ഇടങ്ങളിൽ മിനിയേച്ചർ വനങ്ങൾ ഒരുക്കാനും

നിലവിൽ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന വിദ്യാവനം, ശലഭോദ്യാനം തുടങ്ങിയ പദ്ധതികൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാനും യോഗത്തിൽ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## ആധാർ

മുഖാധിഷ്ഠിത ആധാർ പ്രാമാണീകരണ സംവിധാനം 200 കോടിയിലധികം ഇടപാടുകൾ എന്ന നാഴികകല്ല് പിന്നിട്ടു. ഈ മാസം 10 വരെയുള്ള ഇടപാടുകളിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ആറ് മാസത്തിലാണ് ഇടപാടുകളുടെ എണ്ണം 100 കോടിയിൽ നിന്ന് 200 കോടിയിലെത്തിയത്. രേഖകൾ കൈവശം ഇല്ലാത്തപ്പോൾ വ്യക്തികൾക്ക് സ്വന്തം മുഖം സ്കാൻ ചെയ്ത് തിരിച്ചറിയൽ സ്ഥിരീകരണം നടത്താൻ സാധിക്കും എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

RNU TVPM

&&&&&&&&&&&&&&&&&&

## ഹർ ഘർ തിരംഗ

ഹർ ഘർ തിരംഗ പരിപാടിയുടെ ഭാഗമായി കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ തിരംഗ ബൈക്ക് റാലി സംഘടിപ്പിച്ചു. കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിങ്ങ് ഷെഖാവത്ത്, കിരൺ റിജിജു, സഞ്ജയ് സേത്ത്, മുഖ്യമന്ത്രി രേഖാ ഗുപ്ത

തുടങ്ങിയവർ റാലി നയിച്ചു. ഹർ ഘർ തിരംഗ ക്യാമ്പയിനിൻറെ ഭാഗമായി ലക്ഷദ്വീപിലെ കവരത്തി ദ്വീപിൽ തിരംഗാ ഉത്സവ് സംഘടിപ്പിച്ചു. ലക്ഷദ്വീപിൻറെ തനത് പാരമ്പര്യ ഭക്ഷണങ്ങളും കരകൗശലവസ്തുക്കളും ഉൾപ്പെടുത്തിയ പ്രദർശനം അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ്.ബി ദീപക് കുമാർ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

**പാലക്കാട്-ഇൻട്രോ**

പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ പുനരുജ്ജീവനവും സൗന്ദര്യവത്കരണവും നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കമായി . ഷൊർണ്ണൂർ നഗരസഭയിലെ സ്പെഷ്യൽ അസിസ്റ്റൻസ് ഫണ്ടിൽ നിന്നും ആദ്യഘട്ടത്തിൽ അനുവദിച്ച 4.8 കോടി രൂപ വിനിയോഗിച്ചാണ് ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടത്തുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.................***

***(വോയിസ്)***

&&&&&&&&&&&&&&&&&&

RNU TVPM

## ഓപ്പറേഷൻ ഗജമുക്തി

കണ്ണൂർ ആറളത്ത് ഓപ്പറേഷൻ ഗജമുക്തി പദ്ധതിയിൽ ഇന്നലെ ഒൻപത് ആനകളെ വന്യജീവി സങ്കേതത്തിലേക്ക് തുരത്തി. ആറളം ഫാമിലും പുനരധിവാസമേഖലയിലും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടാനകളെ തുരത്തുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് ദൗത്യം ആരംഭിച്ചത്. ദൗത്യം വ്യാഴാഴ്ച വരെ തുടരും.

&&&&&&&&&&&&&&&&&&

## മന്ത്രി വീണ ജോർജ്

RNUTVPM

മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെ 114.92 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. ഉദ്ഘാടനത്തിനെത്തിയപ്പോൾ യൂത്ത് കോൺഗ്രസ് പ്രവർത്തകർ മന്ത്രിക്കെതിരെ കരിങ്കൊടി പ്രതിഷേധം നടത്തി. തുടർന്ന് പ്രതിഷേധക്കാരെ പോലീസെത്തി അറസ്റ്റ് ചെയ്ത് നീക്കി. പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൂട്ടാവിൽ അങ്കണവാടിയുടെ ഉദ്ഘാടനവും മന്ത്രി വീണ ജോർജ് നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## കോച്ചുകൾ അനുവദിച്ചു

നിലമ്പൂർ- കോട്ടയം, നാഗർകോവിൽ- കോട്ടയം എക്സ്പ്രസുകളിൽ രണ്ട് സെക്കൻഡ് സിറ്റിങ് കോച്ചുകൾ കൂടി അനുവദിച്ചു. കോട്ടയം- കൊല്ലം പാസഞ്ചർ, കൊല്ലം- ആലപ്പുഴ പാസഞ്ചർ, ആലപ്പുഴ- കൊല്ലം പാസഞ്ചർ, കൊല്ലം- തിരുവനന്തപുരം പാസഞ്ചർ, തിരുവനന്തപുരം- നാഗർകോവിൽ പാസഞ്ചർ എന്നിവയിലും കോച്ചുകൾ കൂടും. നാഗർകോവിൽ- കോട്ടയം എക്സ്പ്രസിൽ 15 മുതലും കോട്ടയം- നിലമ്പൂർ, നിലമ്പൂർ- കോട്ടയം എക്സ്പ്രസുകളിൽ 16 മുതലും മറ്റു ട്രെയിനുകളിൽ 17 മുതലും അധിക കോച്ചുകൾ ഉണ്ടായിരിക്കും. ഇതോടെ ഈ ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം 14ൽനിന്ന് 16 ആകും.

&&&&&&&&&&&&&&&&&&

**പത്തനംതിട്ട-ഇൻട്രോ**

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഈ മാസം 16 നു തുറക്കും. പൂജകൾ പൂർത്തിയാക്കി 21ന് രാത്രി 10ന് നട അടയ്ക്കും. അടുത്ത ഒരു വർഷത്തേക്കുള്ള തന്ത്രി യായി കണ്ഠര് മഹേഷ് മോഹനരാകും ഇനി സന്നിധാനത്തുണ്ടാവുക.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ.................***

***(വോയിസ്)***

RNU TVPM

&&&&&&&&&&&&&&&&&&&

## വിക്രം സാരാഭായ്

ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിൻറെ പിതാവായ വിക്രം സാരാഭായിയുടെ ജന്മവാർഷികദിനം ഇന്ന്. ഐഎസ്ആർഒയ്ക്ക് തുടക്കമിട്ട വിക്രം സാരാഭായിയുടെ ശാസ്ത്ര മികവിനെ രാജ്യം കൃതജ്ഞതയോടെ സ്മരിക്കുകയാണ് ഇന്ന്. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിനു നാന്ദി കുറിച്ച് അഹമ്മദാബാദിൽ ഫിസിക്കൽ റിസേർച്ച് ലബോറട്ടറി സ്ഥാപിച്ചാണ് വിക്രം സാരാഭായിയുടെ തുടക്കം. 1969 ൽ ഐഎസ്ആർഒ രൂപീകൃതമായപ്പോൾ ആദ്യ ചെയർമാനായതും ഡോ. സാരാഭായി തന്നെയാണ്. 1966ൽ പത്മഭൂഷണും 1972ൽ മരണാനന്തരബഹുമതിയായി പത്മവിഭൂഷണും നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## ഇടുക്കി-ഇൻഡ്രോ

സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി ഇടാക്കിയിൽ സംഘടിപ്പിച്ച തൊഴിൽമേളയിൽ നിരവധി പേർക്ക് വിദേശ രാജ്യങ്ങളിൽ ജോലിയുറപ്പാക്കി. മുട്ടം പോളി ടെക്നിക് കോളേജിൽ നടത്തിയ 'വിജ്ഞാന ഇടുക്കി' തൊഴിൽ മേളയിൽ പങ്കെടുത്ത 316 പേരിൽ 79 പേർക്ക് ജോലി ലഭിച്ചു.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.................*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ഇന്ത്യ-വുഷു**

ചൈനയിൽ നടക്കുന്ന ലോക ഗെയിംസിൽ വുഷു, 52 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ നമ്രത ബത്ര ഇന്ന് മത്സരിക്കും. നമ്രതയുടെ ഫൈനൽ പ്രവേശനത്തോടെ വുഷു കായിക ഇനത്തിൽ ഇന്ത്യക്ക് ആദ്യ ലോക ഗെയിംസ് മെഡൽ ഉറപ്പായി. പുരുഷ കോമ്പൗണ്ട് ആർച്ചറിയിൽ ഇന്ത്യയുടെ ഋഷഭ് യാദവ് ഇന്നലെ വെങ്കലം നേടി.

RNUTVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNIU TVPM